**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4720** **10-08-2021 - ൽ മറുപടിയ്ക്ക്**

**മാതൃകാ ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ മിൽമയെ കൂടാതെ മാതൃകാ ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുവാനുള്ള നടപടികൾ ആലോചിച്ചു വരുന്നു. |
| (ബി) | മാതൃകാ ക്ഷീരസംഘങ്ങളുടെ ഉൽപാദനശ്രേണി വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | മാതൃകാ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വിവിധങ്ങളായ പദ്ധതികൾ അനുവദിച്ച് ധനസഹായം നൽകിവരുന്നു. ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികൾ "ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീരസഹകരണ സംഘങ്ങളെ |

| | | | |
|---|---|---|---|
| | | | ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ